SDOF SUNDAY

Vol. 01 No. 05 THE ONLINE OFFICIAL NEWS BULLETIN OF SDOF 2026 June 21

തട്ട സെന്റ് ജോർജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസന പള്ളിയിൽ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് പ്രവർത്തനോദ്ഘാടനം മലങ്കര ഓർത്തഡോക്സ് സഭ സുൽത്താൻബത്തേരി ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ ബർണബാസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. യൂണിറ്റ് വൈസ് പ്രസിഡണ്ട് ലിറ്റി സാമുവൽ, കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ ഏബ്രഹാം, മുൻ ഭദ്രാസന സെക്രട്ടറി ഫാ. ടൈറ്റസ് ജോർജ്, വികാരി ഫാ. ജോർജ് വർഗീസ് മണ്ണാറക്കുളഞ്ഞി , ഫാ. ബിനു തോമസ് ഫാ. അരുൺ വി. എസ്. എന്നിവർ സമീപം

നരിയാപുരം ഇമ്മാനുവേൽ ഓർത്തഡോക്സ് പള്ളിയിലെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് യൂണിറ്റ് കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്നു. എസ്.ജെ.ഒ.എഫ് ഭദ്രാസന വൈസ് പ്രസിഡന്റ് നഥാനിയേൽ റമ്പാൻ, വികാരി ഫാ. രാജു ദാനിയേൽ, അസി. വികാരി ഫാ. എബിൻ മാത്യു സഖറിയ, എസ്.ഡി.ഒ.എഫ് ഭദ്രാസന ട്രഷറാർ റെജി എം ജോൺ, ഇടവക സെക്രട്ടറി ബാബുജി പി. എം, യുണിറ്റ് സെക്രട്ടറി സാബു വർഗീസ്, എം. സി. ജോയി എന്നിവർ സമീപം.

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ അനുസ്മരണം

കോട്ടയം: SDOF ന്റെ ആഭിമുഖ്യത്തിൽ പ. ബസേലിയോസ് മാർത്തോമ്മ പൗലോസ് രണ്ടാമൻ അനുസ്മരണം ജൂലൈ 5-നു ഞായറാഴ്ച രണ്ടു മണിക്ക് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടക്കും. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ, ഗീവർഗീസ് മാർ പീലക്സീനോസ് തുടങ്ങിയവർ പങ്കെടുക്കും

SDOF SUNDAY online മാസിക നാലാം ലക്കം പ്രകാശനം മാരാമൺ മർത്തമറിയം പഴയസുറിയാനി പള്ളി SDOF യൂണിറ്റിന്റെ നേതൃത്വത്തിൽ കേന്ദ്ര വൈസ്പ്രസിഡന്റ് ഫാ. ബിജു റ്റി. മാത്യു പുത്തൻകാവ് നിർവ്വഹിച്ചു.

മല്ലശ്ശേരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ സെൻറ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് വാർഷിക സമ്മേളനം കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ ഏബ്രഹാം ഉദ്ഘാടനം ചെയ്തു. അദ്ദേഹം. ഇടവക വികാരി ഫാ. ബിജു തോമസ് പറന്തൽ അധ്യക്ഷത വഹിച്ചു. ഫാ. റോയി എം. ജോയ്, അസി. വികാരി ഫാ. ആഷ്‌ലി ജോൺ തോമസ്, കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റോബിൻ പീറ്റർ, ഇടവക സെക്രട്ടറി മനു കെ. ബേബി, ഡോ. രാജീവ് രാജൻ , യൂണിറ്റ് സെക്രട്ടറി തോമസ് ജോൺ, ട്രഷറാർ റോബിൻ ജോർജ്ജ് ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

കീക്കൊഴൂർ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തോഡോക്സ് പള്ളിയിലെ SDOF യൂണിറ്റിന്റെ 2026-27 വർഷത്തെ പ്രവർത്തന ഉദ്ഘാടനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. സൈമൺ വർഗീസ് നിർവഹിച്ചു. ഇടവക വികാരി ഫാ. എബി വർഗീസ് അധ്യക്ഷം വഹിച്ച യോഗത്തിൽ യൂണിറ്റ് ഭാരവാഹികളെ ഭദ്രാസന വൈസ് പ്രസിഡന്റ് പൊന്നാട അണിയിച്ചു ആദരിച്ചു. കൗൺസിലർ സന്ദീപ് ആനന്ദന്റെ നേതൃത്വത്തിൽ ഒരു മോട്ടിവേഷൻ ക്ലാസ്സ് നടത്തപ്പെട്ടു.

SDOF SUNDAY

Vol. 01, No. 05, 2026 June 21

Editorial Board

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oommen John

Publisher
Fr. V G Koshy Vaidyan

Chief Editor
Raj Philip

Editorial Board Members

Prinu T Mathews
Santhosh Daniel

Published by Fr. V G Koshy Vaidyan on behalf of St. Dionysius Orthodox Fellowship for the glory of God and for the benefit of humankind.

Typesetting & Design
Joice Thottackad
Sophia Print House, Kottayam
Mob: 7012270083

For Private Circulation only

Send your articles and news to the following

E-mail
sdofsunday@gmail.com
or
Whatsapp No.
7012270083

സങ്കീർത്തന ധ്യാനം

(സങ്കീ. 32)

ഫാ. ബിജു റ്റി. മാത്യു പുത്തൻകാവ്

പാപക്ഷമ കൈവരിച്ച് വിശ്വാസജീവിതത്തിലൂടെ പുത്തൻ ദാർശനിക വഴികൾ കണ്ടെത്തുക

ആമുഖം:

ദാവീദിന്റെ പശ്ചാത്താപ Trilogy യിലെ (സങ്കീർത്തനം 32, 38,51) ഏറ്റം മഹത്വപൂർണ്ണമായ സുവിശേഷ സങ്കീർത്തനമാണ് 32-ാം കീർത്തനം. Penitential Psalm അഥവാ Instructional Psalm എന്നും ഇതിനെ അറിയപ്പെടുന്നു. ദാവീദ് തന്റെ ഭയങ്കരമായ പാപത്തെക്കുറിച്ചുള്ള അനുതാപത്തിനുശേഷം സന്തോഷകരമായ സമാധാന അനുഭവങ്ങൾ പങ്കുവയ്ക്കുന്നതാണ് ഇതിന്റെ ഉള്ളടക്കം.

മറഞ്ഞിരിക്കുന്ന പാപത്തിന്റെ ശാരീരികവും ആത്മീയവുമായ വേദനയും ദൈവീക ആവരണത്തിന്റെ വിമോചനവും:

സങ്കീർത്തനം 32:3-4 'ഞാൻ മിണ്ടാതെയിരുന്നപ്പോൾ നിത്യമായ ഞരക്കത്താൽ എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി രാവും പകലും നിന്റെ കൈ എന്റെ മേൽ ഭാരമായിരുന്നു. എന്റെ മജ്ജ വേനൽക്കാലത്തിലെ ഉഷ്ണത്താൽ എന്നപ്പോലെ വറ്റിപ്പോയി.'

സദൃശ്യവാക്യങ്ങൾ 28:13

'തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരികയില്ല.
അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും.'

വി. അഗസ്തിനോസ്: 'മൗനമായിരിക്കുമ്പോൾ പാപം മാരകമാണ്. എന്നാൽ സത്യ കുമ്പസാരം ജീവൻ നൽകുന്നു.'

1 യോഹന്നാൻ 1:9 'നമ്മുടെ പാപങ്ങളെ നാം ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.'

സങ്കീർത്തനം 32:5,6 എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും: അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു.

എന്നാൽ സത്യകുമ്പസാരത്തിലൂടെ ഏറ്റുപറയുവാൻ കഴിയുന്നില്ലെങ്കിൽ എന്റെ എല്ലാ ദൃഡതയും ബലഹീനതയിൽ പഴകിപ്പോകുകയാണ്. അപ്രകാരം ഏറ്റുപറയാത്ത പാപം ഒരു പഴുത്ത മുറിവായി താരതമ്യം ചെയ്യപ്പെടുകയാണ്. അത് നമ്മുടെ അസ്ഥിത്വത്തെ മുഴുവനായി ബാധിക്കുകയും ചെയ്യും.

വി. ബസേലിയോസ്: it is good not to sin; But If you sin it is good not to delay repentance. But if you repent it is good not to repeat the sin if you do not repeat the sin, it is good to know that this by God's grace. And if you acknowledge that it is good to thank Him for his grace and continu-ing seeking His help.

17-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ 'Coper Nicker System' ആണ് ശരി എന്ന് പറഞ്ഞതിന് റോമിലെ മതദ്രോഹവിചാരണ സഭ 'ഗലീലിയോയെ' വിചാരണ ചെയ്ത് തടവിലാക്കിയപ്പോൾ ചുമത്തിയ കുറ്റങ്ങളിൽ ഒന്ന് Penitential Psalm ആയ സങ്കീർത്തനം 32 ആഴ്ചയിൽ ഒരു പ്രാവശ്യം വീതം 3 വർഷം ചൊല്ലണമെന്ന് നിഷ്കർഷിച്ചതായി കാണുന്നു. ആത്മതപനം ചെയ്ത് പാപക്ഷമയുടെ സന്തോഷം അനുഭവിക്കുവാൻ ആയിരിക്കാം ഇങ്ങനെ ഒരു രീതി അവലംബിച്ചിരുന്നത്.

ദൈവീക കൽപ്പനകളെ തൃണവൽഗണിച്ചുകൊണ്ട്, ദൈവീക ക്രമങ്ങളിൽ നിന്നും അന്യപ്പെട്ടുപോയ ജീവിതസാഹചര്യങ്ങളിൽ, ഒരു പുതിയ തുടക്കത്തിന് വേണ്ടി, പശ്ചാത്തപിച്ച്, പാപങ്ങളെ ഏറ്റുപറഞ്ഞ്, പാപക്ഷമ കൈവരിച്ച്, ദൈവാന്വേഷണത്തിലൂടെ നമ്മുടെ നിയോഗ വഴികൾ കണ്ടെത്തുവാൻ കഴിയട്ടെ.

വലിയവൻ ശുശ്രൂഷകനെപ്പോലെയാകണം

(പെന്തിക്കോസ്തിക്കുശേഷം അഞ്ചാം ഞായർ)

വി. മർക്കോസ് 9:33–41

ഗീവർഗീസ് മാർ പീലക്സിനോസ്



വലിയവൻ എന്ന് വ്യക്തികളെ വിശേഷിപ്പിക്കുന്നതിന് സമൂഹം നൽകുന്ന മാനദണ്ഡങ്ങൾ മാറ്റിമറിക്കുന്നതാണ് ഇന്നത്തെ വി. സുവിശേഷഭാഗം (വി. മർക്കോസ് 9:33–41). വ്യക്തികളുടെ ബാഹ്യരൂപവും ധനസ്ഥിതിയും സ്ഥാന മാനങ്ങളും നോക്കി 'വലിയവർ' എന്നു വിശേഷിപ്പിക്കുന്നതിനെ പൂർണ്ണമായി തിരുത്തിക്കുറിക്കുന്നു. വലിയവൻ എന്നതിന് ബാഹ്യരൂപമല്ല അളവുകോൽ, ആന്തരിക വിശുദ്ധിയും ഹൃദയനൈർമ്മല്യവും ആണ് പ്രധാനം എന്ന് യേശു ക്രിസ്തു വെളിപ്പെടുത്തുന്നു.

ശിഷ്യന്മാരുടെ ബലഹീനത

യേശുക്രിസ്തുവിനാൽ തെരഞ്ഞെടുക്കപ്പെട്ടവരും ക്രിസ്തുവിന്റെ കൂടെ ജീവിക്കുന്നവരും ആണെങ്കിലും ശിഷ്യന്മാർ ബലഹീന പാത്രങ്ങളായിരുന്നു. അതിനു നിരവധി അനുഭവങ്ങൾ വി. വേദപുസ്തകത്തിലുണ്ട്. ഇന്നത്തെ വി. വേദഭാഗത്തിൽ ശിഷ്യന്മാർ തമ്മിലുള്ള തർക്കവും വാഗ്വാദവുമാണ് ബലഹീനതയായി നാം കാണുന്നത്. നിലവാരമില്ലാത്തവരെപ്പോലെയും തിന്മയ്ക്ക് പാത്രീഭൂതരായവരെപ്പോലെയും വഴിയിൽ വച്ച് തമ്മിൽ തർക്കിക്കുന്നതിനെ ക്കുറിച്ചാണ് ഇവിടെ കാണുന്നത്.

വഴിയിൽ വച്ച് തമ്മിൽ വാദിച്ചത് എന്ത് (വാ. 33) എന്ന ക്രിസ്തുവിന്റെ ചോദ്യത്തിന് ശിഷ്യന്മാർ മിണ്ടാതിരുന്നതിന്റെ കാരണം 'തങ്ങളുടെ ഇടയിൽ വലിയവൻ ആര് എന്നു വഴിയിൽ വച്ച് വാദിച്ചതുകൊണ്ടായിരുന്നു (വാ. 34). അങ്ങനെ തർക്കം ഉണ്ടാകുവാൻ പാടില്ലാത്തതായിരുന്നു എന്ന് ശിഷ്യന്മാർക്ക് അറിയാം. അവരുടെ ബലഹീനതയിൽ അത് സംഭവിച്ചതായിരുന്നു.

യേശുക്രിസ്തു അവരുടെ വാദത്തെ പൂർണ്ണമായി ഖണ്ഡിച്ച്, ശിഷ്യന്മാരുടെ 'വലിയവൻ' എന്നതിന്റെ അളവുകോലിനെ പരിഹസിക്കുകയായിരുന്നു. ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകണം' (വാ. 35) എന്ന് യേശു അവരെയും സർവ്വജനത്തേയും പഠിപ്പിക്കുകയായിരുന്നു.

ശിഷ്യന്മാരുടെ അറിവില്ലായ്മയും ബോധമില്ലായ്മയും കുറ്റപ്പെടുത്തുന്ന ധാരാളം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. 'നിങ്ങളും ഇന്നുവരെ ബോധമില്ലാത്തവരോ' (വി. മത്തായി 15:16) എന്നു യേശു ചോദിക്കുന്നു. 'നിങ്ങൾ തിരിച്ചറിവില്ലാത്തവർ ആകാമോ' (വി. മത്തായി 16:11). 'അവർ ഇത് ഒന്നും ഗ്രഹിച്ചില്ല; ഈ വാക്ക് അവർക്കു മറവായിരുന്നു, പറഞ്ഞതു അവർ തിരിച്ചറിഞ്ഞതുമില്ല' (വി. ലൂക്കോസ് 18:34). 'ബുദ്ധിഹീനരേ... മന്ദബുദ്ധികളേ.. തുടങ്ങിയ പദങ്ങൾ ശിഷ്യന്മാരെക്കുറിച്ച് ഉപയോഗിക്കുന്നു (വി. ലൂക്കോസ് 24:25). 'ഞാൻ ഇത്ര കാലം നിങ്ങളോടു കൂടെ ഇരുന്നിട്ടു നീ എന്നെ അറിയുന്നില്ലയോ ഫീലിപ്പോസേ?' (വി. യോഹന്നാൻ 14:9).

മോഹത്തിന് കർത്താവിൽ നിന്നു ശാസന

ശിഷ്യന്മാരുടെ ഇടയിൽ ഉണ്ടായ മോഹം ലൗകികമായിരുന്നു. തങ്ങളിൽ വലിയവൻ ആരെന്നുള്ള തർക്കം (വാ. 34). യേശുക്രിസ്തുവിനോടൊപ്പമുള്ള അവസരങ്ങളിൽ ശിഷ്യന്മാർ, അവരുടെ വലിപ്പത്തെക്കുറിച്ചും ഒന്നാമനാകുന്നതിനെക്കുറിച്ചും ആലോചിക്കുകയും ആയതിനുവേണ്ടി തർക്കവും വക്രതയും പ്രയോഗിക്കുകയും ചെയ്യുന്ന അനുഭവങ്ങൾ പല രൂപത്തിൽ ഉണ്ടായിട്ടുണ്ട്. പദവിയും സ്ഥാനവും നേടാനുള്ള മോഹവും അതിനുവേണ്ടിയുള്ള അവരുടെ കുരുട്ടുബുദ്ധിയും വി. വേദപുസ്തകത്തിൽ നാം കാണുന്നുണ്ട്.

സെബദി പുത്രന്മാരായ യാക്കോബും യോഹന്നാനും, അവരുടെ അമ്മയെക്കൊണ്ട് യേശുവിനോട് അപേക്ഷിക്കുന്ന വിഷയം വളരെ പ്രസിദ്ധമാണ്. വി. മത്തായി 20:20 മുതലുള്ള വാക്യങ്ങളിൽ അത് വിശദീകരിക്കുന്നുണ്ട്. 'എന്റെ പുത്രന്മാർ ഇരുവരും നിന്റെ രാജ്യത്തിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ ഇടത്തും ഇരിക്കുവാൻ അരുളിച്ചെയ്യണമേ' (വി. മത്തായി 20:21) എന്ന അമ്മയുടെ ശുപാർശ, ശിഷ്യന്മാരായ യാക്കോബിനും യോഹന്നാനും വേണ്ടിയായിരുന്നു. 24–ാം വാക്യത്തിൽ ഇപ്രകാരം വായിക്കുന്നു: 'ശേഷം പത്തുപേർ അതു കേട്ടിട്ട് ആ രണ്ടു സഹോദരന്മാരോടു നീരസപ്പെട്ടു.'

താഴ്മയും വിനയവുമാണ് വലിയവൻ ആകുന്നതിനുള്ള അളവുകോൽ എന്നു യേശു അവരെ പഠിപ്പിക്കുന്നു. 'ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു' (വി. മത്തായി 18:4). 'തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയിർത്തപ്പെടും' (വി. ലൂക്കോസ് 18:14). ശിശുവിനെപ്പോലെ നിഷ്കളങ്കതയും ഹൃദയവിശുദ്ധിയും ഉള്ളവരാണ് വലിയവർ ആകുന്നത്. 'നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ' (വി. ലൂക്കോസ് 22:26).

ശിശുക്കളോടുള്ള ക്രിസ്തുവിന്റെ മനോഭാവം

നിഷ്കളങ്ക മനസ്സുള്ളവർക്ക് നൈർമ്മല്യമുള്ള മനസ്സുകളോട് കൂടുതൽ സ്നേഹം ഉണ്ടാകും. യേശുക്രിസ്തു ശിശുക്കളെ സ്നേഹിക്കുകയും അവരെപ്പോലെ ആകുവാൻ മറ്റുള്ളവരെ പ്രബോധിപ്പിക്കുകയും ചെയ്യുന്നത് സർവ്വസാധാരണമായിരുന്നു. ഇന്നത്തെ വി. സുവിശേഷഭാഗത്ത്, ഒരു ശിശുവിനെ എടുത്ത് അവരുടെ നടുവിൽ നിർത്തി അണച്ചുകൊണ്ട് യേശു പറയുന്നു: 'ഇങ്ങനെയുള്ള ശിശുക്കളിൽ ഒന്നിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു, എന്നെ കൈക്കൊള്ളുന്നവനോ എന്നെയല്ല എന്നെ അയച്ചവനെ കൈക്കൊള്ളുന്നു' (വാ. 37).

ശിശുക്കളോടുള്ള വാത്സല്യത്തെ വരച്ചു കാട്ടുന്നതാണ് ഈ ഭാഗം. ചെറിയവരെയും എളിയവരെയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതും മനസ്സിൽ കളങ്കം ഇല്ലാത്ത നന്മയും ശുദ്ധിയും ഉള്ളവരായ ശിശുക്കളെ മാതൃകയാക്കണമെന്നുള്ള യേശുവിന്റെ ഉദ്ബോധനം അനുസരിക്കേണ്ടതാണ്.

ശിശുക്കളോടുള്ള ക്രിസ്തുവിന്റെ മനോഭാവം വെളിപ്പെടുത്തുന്ന വി. വേദഭാഗങ്ങൾ ഇവയാണ്. (1) കരുതലും വാത്സല്യവും – 'ഒരു ഇടയനെപ്പോലെ അവൻ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തു മാർവ്വിടത്തിൽ ചേർത്തു വഹിക്കുകയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും' (യെശയ്യാവ് 40:11). (2) ശിശുക്കളെ തുച്ഛീകരിക്കുന്നത് വിലക്കി – 'ഈ ചെറിയവരിൽ ഒരുത്തനേം തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷി

ച്ചുകൊൾവീൻ' (വി. മത്തായി 18:10). (3) ശിശുക്കളെ കൈക്കൊള്ളുവാൻ കല്പിച്ചു (വി. മത്തായി 9:37). (4) 'ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവീൻ എന്നു കല്പിച്ചു' (വി. മർക്കോസ് 10:14).

കർത്തൃസേവകർക്കുള്ള വാഗ്ദാനങ്ങൾ

ക്രിസ്തുവിനുവേണ്ടി ജീവിതം സമ്പൂർണ്ണമായി സമർപ്പിക്കുകയും കർത്തൃസേവയ്ക്കായി ഇറങ്ങിത്തിരിക്കുകയും ചെയ്യുന്ന എല്ലാവരെയും യേശുക്രിസ്തു സംരക്ഷിക്കുകയും പുലർത്തുകയും ചെയ്യും. അങ്ങനെയുള്ളവരെ മാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നവർക്കുള്ള അനുഗ്രഹങ്ങളും പ്രതിഫലവും യേശു ഇവിടെ വെളിപ്പെടുത്തുന്നു. 'നിങ്ങൾ ക്രിസ്തുവിനുള്ളവർ. എന്റെ നാമത്തിൽ ആരെങ്കിലും ഒരു പാനപാത്രം വെള്ളം നിങ്ങൾക്കു കുടിക്കുവാൻ തന്നാൽ അവനു പ്രതിഫലം കിട്ടാതിരിക്കുകയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു' (വാ. 41).

'ഒരുത്തൻ പണിത പ്രവൃത്തി നിലനിൽക്കും എങ്കിൽ അവനു പ്രതിഫലം കിട്ടും' (1 കോരി. 3:14). 'നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രതിഫലം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവീൻ' (1 കോരി. 15:58). 'പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും' (വി. യാക്കോബ് 1:25). 'അവകാശമെന്ന പ്രതിഫലം കർത്താവ് തരും എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിപ്പീൻ' (കൊലോസ്യർ 3:24).

കാർത്തികപ്പള്ളി: സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ SDOF യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മാവേലിക്കര അറനൂറ്റിമംഗലം പൗലോസ് മാർ പക്കോമിയോസ് ശാലേം ഭവൻ സന്ദർശിച്ച് പരിപാടികൾ അവതരിപ്പിക്കുകയും, ദൈനംദിന പ്രവർത്തനങ്ങൾക്ക് വേണ്ടി 35000 രൂപ നൽകുകയും ചെയ്തു. ഇടവക വികാരി ഡി. ഗീവർഗീസ് കോർഎപ്പിസ്കോപ്പാ നേതൃത്വം നൽകി. ഡയറക്ടർ ഫാ. സോനു ജോർജ് എല്ലാവരെയും സ്വീകരിച്ചു. ഇടവക ട്രസ്റ്റി വർഗീസ് കൈപ്പള്ളി, യൂണിറ്റ് വൈസ് പ്രസിഡന്റ് കുരുവിള കോശി, സെക്രട്ടറി തോമസ് എന്നിവർ പ്രസംഗിച്ചു.

'മശിഹാ തൻ അപ്പോസ്തോലന്മാർ'

സാബു ജോർജ്,കടമ്മനിട്ട.

കർത്തൻ അയച്ചവരാം, ശിഷ്യർ തൻ ദേശാടനത്താൽ:
കർത്തു ശിഷ്യർ,രക്ഷാവാരിധി
മാനവർക്കായി നൽകി!
പന്തിരു ശിഷ്യർ, മോറാനായി ജീവരക്തം നൽകി;
പന്തിരു സിംഹാസനേ കരേറി മശിഹാ തൻ പ്രവചനത്താൽ
മുക്കുവൻ മന്നൻ; മൂപ്പൻ ശീമോൻ പത്രോസ്:
ഗുരുവിനെ താൻ മൂന്നുവട്ടം തള്ളിപ്പറഞ്ഞതാണല്ലോ?
ഏറ്റുപറഞ്ഞ്, സ്ഥിരനായി, മൂന്ന് പ്രാവശ്യം:
ഗുരുവിൻ പാദം ചുംബിപ്പാൻ,
തല കീഴായി ക്രൂശതിലേറി!
പത്രോസിൻ ഭ്രാതാവാകും, അന്ത്രയോസ് ശ്ലീഹാ:
'എക്സ് 'ആകൃതി ക്രൂശിൽ സാക്ഷ്യമരണം പ്രാപിച്ചല്ലോ!
സെബദി പുത്രനായ ഇടിമക്കളിൽ ഒരുവൻ 'യാക്കോബ്':
ഹെരോദാവിൻ വാളാൽ സാക്ഷിമരണം പ്രാപിച്ചല്ലോ
'സ്നേഹത്തിൻ അപ്പോസ്തോലൻ',
മാതാവിൻ കരുതലാൾ:
സുവിശേഷം, വെളിപാട് ലേഖനങ്ങൾ ചമച്ചു ശ്രേഷ്ഠൻ!
കുതിരസ്നേഹിയാം
ബേത്സൈദയിൻ 'ഫിലിപ്പോസ്'
കൈസര്യ ,ഇത്യാദി ദേശങ്ങളിൽ
സുവിശേഷം, ഘോഷിച്ചല്ലോ!
നഥാനിയേലാം 'ബെൽത്തുമ്മായി' അപ്പോസ്തോലൻ!
കർത്തനോട് തേടി നസറേത്തിൽ
നിന്ന് വരുമോ നന്മ വല്ലതും?
മത്തായിയാം 'ലേവി' എന്ന ചുങ്കക്കാരൻ;
കാനോനിക സുവിശേഷം, ചമച്ചതാം ശ്രേഷ്ഠൻ
എരുവുകാരനാം ശീമോൻ, സ്ഥൈര്യത്തിൽ;
പത്രോസിലും മുമ്പൻ, സഹനത്തിൽ അതി ശ്രേഷ്ഠൻ
അൽഫായിതൻ ഉത്തമസുതനാം മാർ 'യാക്കോബ്':
ക്രിസ്തുവിനായ് കല്ലേറ് ഏറ്റ്, സാക്ഷി മരണം ഏറ്റല്ലോ
തദ്ദായിയാം 'യൂദാ' ഉത്തമ ലേഖനം ചമച്ചല്ലോ!
അമ്പെറ്റു സാക്ഷി മരണം പ്രാപിച്ചു, തൻ മാർവിൽ ചാരി:
തള്ളപ്പെട്ട ഇസ്കെരിയോത്താ യൂദയ്ക്ക് പകരം
ദൈവനിയോഗേ തിരഞ്ഞെടുത്ത 'മത്ഥിയാസ്' ധന്യൻ
മൈലാപൂരിൽ മശിഹായെ പ്രതിതൻ ജീവൻ വെച്ചവനെ!
മാർത്തോമായാം'ദിദിമോസ്'
മശിഹാ തൻ മാർവ്വിൽ തൊട്ട്
'എൻ കർത്താവും ദൈവവും' എന്ന് ഉദ്ഘോഷിച്ചവനെ!
ഇന്ത്യയുടെ അപ്പോസ്തോലാ!
കിഴക്കൻ ആദ്യ കാതോലിക്കാ
'ഗമാലിയേൽ' തൻ പാദം പീഠേ
അഭ്യസിച്ച 'ശൗലാം' തീഷ്ണവാൻ:
ജാതികൾ തൻ ശ്ലീഹായായ് പരിലസിക്കും മാർ പൗലോസ്!
പതിനാല് ലേഖനം എഴുതി, 'യൂത്തിക്കോസി'ന് ജീവനേകി!
റോമിൽ, വാളിൻ വായ്ത്തലയാൽ
സാക്ഷി മരണം പ്രാപിച്ചു!

വി. സഭയും വാങ്ങിപ്പോയവരും

ഫാ. ഡോ. ജേക്കബ് കുര്യൻ

വാങ്ങിപ്പോയവരുടെ സ്ഥിതി

വാങ്ങിപ്പോകുന്നവർ ഒരു നിദ്രയിലേക്കോ, പൂർണ്ണമായ വിശ്രമത്തിലേക്കോ ആണ് കടക്കുന്നതെന്നു ചിന്തിക്കുകയാണെങ്കിൽ, അവസാനനാളിലെ ന്യായ വിധിയുടെ ഏക മാനദണ്ഡം അവരെ സംബന്ധിച്ചിടത്തോളം ഈ ലോക ത്തിലെ ജീവിതം മാത്രമാണ്. അപ്പോൾ പിന്നെ അവർക്കുവേണ്ടി മറ്റുള്ളവർ എന്തിനാണ് പ്രാർത്ഥിക്കുന്നത് എന്നുചോദിച്ചേക്കാം. നവീകരണ ചിന്താഗതി യുടെ പ്രധാന ലക്ഷ്യം ഇങ്ങനെയായിരിക്കും. ഓർത്തഡോക്സുകാരും റോമൻ കത്തോലിക്കരും അല്പം വ്യത്യസ്തമായ രീതിയിലാണ് വാങ്ങിപ്പോയവരുടെ സ്ഥിതിയെ കാണുന്നത്. വാങ്ങിപ്പോകുന്നവർ നിദ്രയിലേക്കോ പൂർണ്ണവിശ്രമ ത്തിലേക്കോ അല്ല പോകുന്നത്. പ്രത്യുത സ്ഥലകാലപരിമിതികളില്ലാത്ത ഒരു സ്ഥിതിവിശേഷത്തിൽ ഉണർവ്വോടെയുള്ള ജീവിതം തുടരുകയാണ്. പ്രസ്തുത 'സ്ഥിതിവിശേഷം' ആണ് സഭയുടെ അദൃശ്യമായ വശം. സഭ, ജീവിച്ചിരിക്കുന്ന വിശ്വാസികളുടെ മാത്രം സമൂഹം അല്ല. അതിൽ ജീവനുള്ളവരും വാങ്ങിപ്പോ യവരുമായ വിശ്വാസികൾ അംഗങ്ങളാണ്. വേദപുസ്തക വെളിച്ചത്തിൽ ഇതി നെക്കുറിച്ച് ഇനിയും ചിന്തിക്കാം.

1. എഫേസ്യ 1:23, കൊലോസ്യ 1:18, 24, എഫേ. 4:4, കൊലോ. 3:15 എന്നീ ഭാഗങ്ങളിൻപ്രകാരം ക്രിസ്തുവിന്റെ ശരീരമാണ് സഭ; എഫേസ്യ 5:22-27 ൻപ്രകാരം ക്രിസ്തുവിന്റെ മണവാട്ടിയാണ് സഭ; എഫേസ്യ. 2:19-22; 1 കൊരി 3:16-17; 6:19 എന്നീ ഭാഗങ്ങളിൻപ്രകാരം ദൈവത്തിന്റെ മന്ദിരമാണ് സഭ. ക്രിസ്തു പണിയുവാൻ വന്നതും (മത്താ. 16:18). ക്രിസ്തു ഒരുക്കുവാൻപോയ അനേകം വാസസ്ഥലങ്ങളുള്ള പിതാവിന്റെ ഭവനവും (യോഹ. 14:2) ആണ് സഭ. അപ്പോൾ ക്രിസ്തുവുമായി അഭേദ്യബന്ധം പുലർത്തുന്ന സഭയും ക്രിസ്തുവിനോടൊപ്പം മരണത്തിനതീതമായി സ്ഥിതിചെയ്യണം. ആ സഭയിലെ അംഗങ്ങളും അങ്ങനെയുള്ള അനുഭവം യാഥാർത്ഥ്യമാക്കിയവരായിരിക്കണം. അതുകൊണ്ട് സഭയിൽ വാങ്ങിപ്പോയവരും ജീവിച്ചിരിക്കുന്നവരുമായ എല്ലാ വിശ്വാസികളും ഉൾപ്പെടുന്നു.

2. എഫേസ്യ 2:20-22ൽ "അപ്പോസ്തോലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ" പണിയപ്പെടുന്ന ആലയമായി വി. സഭയെ കാണുന്നു. ഈ അപ്പോസ്തലന്മാരും പ്രവാചകന്മാരും വാങ്ങിപ്പോയല്ലോ. എന്നിട്ടും ആ അടി സ്ഥാനത്തിൽ പണിയപ്പെടുന്നു എന്നുപറയുന്ന സഭ വാങ്ങിപ്പോയവരും ഉൾപ്പെ ടുന്നതാണെന്നല്ലേ സൂചന?

3. വാങ്ങിപ്പോയവർ 'സാക്ഷികളുടെ വലിയ ഒരു സമൂഹമായി (എബ്രാ. 12:1) നമുക്കു ചുറ്റും നിന്നുകൊണ്ട് സ്ഥലകാല പരിമിതികളില്ലാതെ ദൈവസ മ്പർക്കം അനുഭവിക്കയാണ് (വെളിപാട് 7:13-17) എന്ന് വേദപുസ്തക സൂചന ലഭിക്കുന്നുണ്ട്. ആരാധനയിൽ പ്രത്യേകിച്ച് സഭ ഈ സമൂഹ സമ്പർക്കത്തെ അനുഭവിച്ചിരുന്നു. "സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും എല്ലാവരുടേയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതി മാന്മാരുടെ ആത്മാക്കൾക്കും പുതുനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹര ക്തത്തിനും അടുക്കലത്രെ നിങ്ങൾ വന്നിരിക്കുന്നത്" (എബ്രാ. 12:22-24).

4. സഭാജീവിതം ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിലെ ജീവിതമാണ്. ആ ജീവിതത്തിൽ നിന്നു നമ്മെ മരണത്തിനു വേർപെടുത്താൻ കഴിയില്ല എന്ന് പൗലോസ് ശ്ലീഹാ പറയുന്നു (റോമർ 8:38).

5. സഭാംഗമാകുക എന്നുപറഞ്ഞാൽ ഒരു ശരീരത്തിന്റെ അംഗമാകുകയാണ്; അതുകൊണ്ട് സഭാംഗങ്ങൾ പരസ്പരം ഭാരങ്ങളെ ചുമക്കുകയും കരുതുകയും വേണം എന്ന് പൗലൂസ് പറയുന്നു. (റോമ. 12:4,5; 1 കൊരി. 12:12-26) വാങ്ങി പ്പോകുന്നവർ ഈ ശരീരസമ്പർക്കത്തിൽ നിന്ന് ഇതരരാകുന്നില്ല.

6. പൗലോസ് ശ്ലീഹാ ഫിലിപ്പ്യലേഖനം 1:19 മുതൽ 26 വരെയുള്ള ഭാഗത്ത് ശരീരത്തോടെയിരിക്കുന്നതിനെയും വാങ്ങിപ്പോകുന്നതിനെയും തമ്മിൽ താര തമ്യം നടത്തുന്നുണ്ട്. വാങ്ങിപ്പോകുന്നത് ക്രിസ്തുവിനോടുകൂടെയിരിക്കാനാണ് എന്നും അത് ഏറെ നല്ലതാണെന്നും 1:23 ൽ പ്രത്യേകിച്ചു പറയുന്നു. വാങ്ങി പ്പോകുന്നത് ക്രിസ്തുവിനോടുകൂടെയുള്ള കൂടുതൽ സജീവമായ ജീവിതത്തി ലേയ്ക്കുള്ള പ്രവേശനമാണെന്നാണ് ഇതു സൂചിപ്പിക്കുന്നത്. ഇതേ ആശയം കൂടുതൽ വിശദമാക്കുകയാണ് 2 കൊരി. 5-8 ൽ വാങ്ങിപ്പോയാലും ക്രിസ്തു വിനെ പ്രസാദിപ്പിക്കണം എന്ന ആഗ്രഹം വാങ്ങിപ്പോകുമ്പോഴുള്ള സജീവ മായ സ്ഥിതിയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

7. വി. ലൂക്കോസിന്റെ സുവിശേഷം 16-ാം അദ്ധ്യായത്തിൽ ധനവാന്റെയും ലാസറിന്റെയും ഉപമ രേഖപ്പെടുത്തിയിരിക്കുന്നു. അവിടെ ധനവാനും ലാസറും

അബ്രഹാം പിതാവും തമ്മിലുള്ള ബന്ധം കർത്താവ് ചിത്രീകരിച്ചിരിക്കുന്നു. ഇതിൽനിന്നു നമുക്കു ലഭിക്കുന്ന ഒരു സൂചന, വാങ്ങിപ്പോകുന്നവർക്ക് സജീ വമായ ഒരവസ്ഥ ഉണ്ടെന്നും ജീവിച്ചിരിക്കുന്നവരെക്കുറിച്ച് അവർക്ക് സ്നേഹവും താൽപര്യവും ഉണ്ടെന്നുള്ളതുമാണ്. അവിശ്വാസിയായിരുന്ന ധന വാന് ഇതുണ്ടായിരുന്നുവെങ്കിൽ വിശ്വാസികളായ വാങ്ങിപ്പോകുന്നവർക്ക് എത്ര യധികം ഉണ്ടാകും. ലൂക്കോ 20:37, 38 വാങ്ങിപ്പോയവരുടെ സജീവാവസ്ഥ സൂചി പ്പിക്കുന്നു: "ദൈവമോ മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവമത്രേ. എല്ലാവരും അവന് ജീവിച്ചിരിക്കുന്നുവല്ലോ".

8. യോഹ. 11:26ൽ ഒരു വിശ്വാസിയെക്കുറിച്ച് കർത്താവ് പറയുന്നു: "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കു ന്നവൻ ആരും ഒരുനാളും മരിക്കയില്ല" വിശ്വാസികളായ വാങ്ങിപ്പോകുന്നവ രുടെ അവസ്ഥയിലേക്കും ഇത് വെളിച്ചം വീശുന്നുണ്ട്.

9. മാമോദീസാ (സ്നാനം) സ്വീകരിക്കുന്നവൻ ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളിയായെന്നും പിന്നീടുള്ള ജീവിതം "ജീവന്റെ പുതുക്കത്തിൽ" (റോമ. 6:5) ആണെന്നും അത് നിത്യമായി ക്രിസ്തുവിലുള്ള ജീവിതം ആണെന്നും റോമാലേഖനത്തിൽ സൂചിപ്പിക്കുന്നു (റോമ. 6:8-11). "നാം ക്രിസ്തുവിനോടു കൂടെ മരിച്ചു എങ്കിൽ അവനോടു കൂടെ ജീവിക്കും" എന്നു വിശ്വസിക്കുന്നു. ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല. മരണത്തിന് അവന്റെമേൽ ഇനി കർത്തൃത്വമില്ല എന്നു നാം അറിയുന്നുവല്ലോ. അവൻ മരി ച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു. അവൻ ജീവിക്കുന്നതോ ദൈവ ത്തിനു ജീവിക്കുന്നു. അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ."

10. ശരീരത്തിന്റെ വേർപാടിന് 'നിദ്ര' എന്നപദം വേദപുസ്തകം ഉപയോഗി ക്കുന്നത് സ്ഥലകാലപരിമിതികളിൽനിന്ന് വിമുക്തമായ ജീവിതം എന്നയർത്ഥ ത്തിലാണ്. പൗലൂസ് ശ്ലീഹാ "നിദ്രകൊള്ളുന്നവരെക്കുറിച്ച്" (1 തെസ്സ. 4:13) എന്നുപറയുന്നത് ഈ അർത്ഥത്തിലാണ്. ".....നാം ഉണർന്നിരുന്നാലും ഉറങ്ങി യാലും തന്നോടുകൂടെ ജീവിക്കേണ്ടതിനു നമുക്കുവേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം രക്ഷയെ പ്രാപിപ്പാനത്രെ നിയമിച്ചിരിക്കു ന്നത്" (1 തെസ്സ. 5:10). ഈ പരാമർശത്തിലും 'ഉറക്കം' ശൂന്യമായ ഒരവസ്ഥ യായി കാണുന്നില്ല. കൂടാതെ 'നിദ്ര' എന്ന പ്രതിഭാസം തന്നെയെടുത്താലും സമ്പൂർണ്ണമായും നിശ്ചലമായ ഒരു അവസ്ഥയല്ലല്ലോ അത്. നിദ്രയിൽ പല പ്പോഴും സ്വപ്നലോകത്തിലെ സജീവമായ ജീവിതത്തിൽ നാം പങ്കുകാരാകു ന്നുണ്ട്. നിദ്രയിലും ശരീരത്തിന്റെ അടിസ്ഥാനപരമായ കർമ്മങ്ങൾ തുടരുന്നു ണ്ട്. ഈ വിധത്തിൽ നോക്കിയാലും 'നിദ്ര' സമ്പൂർണ്ണമായ ഒരു മൗനതയാ യിട്ട് പൗലോസ് ശ്ലീഹാ ഉദ്ദേശിക്കുന്നില്ല. ഗോതമ്പുമണി ചാവുന്നതിനോടും 'നിദ്രയെ' ഉപമിക്കുന്നു (1 കൊരി. 15:36, 37). ഗോതമ്പുമണി ചാവുന്നു എന്നുപ റയുന്നത് മണ്ണിനടിയിലെ സജീവമായ ഒരു രൂപാന്തരപ്രക്രിയയെ ഉദ്ദേശിച്ചാ ണ്. ഇതിനോടാണ് വിശ്വാസിയുടെ മരണത്തെ ഉപമിക്കുന്നത്. നിദ്രയെ നിർജ്ജീ

വാവസ്ഥയായി കണ്ടുകൊണ്ടല്ല, പ്രത്യുത ആന്തരികമായ രൂപാന്തരത്തിന് മരണത്തിലും പ്രസക്തിയുണ്ട് എന്നു സൂചിപ്പിക്കുവാനാണ്.

11. 1 പത്രോസ് 4:6-ൽ, കർത്താവ് മരിച്ചവരോടു സുവിശേഷം അറിയിച്ചതിനെക്കുറിച്ചും 1 പത്രോസ് 3:19-ൽ തടവിലുള്ള ആത്മാക്കളോടു താൻ പ്രസംഗിച്ചതിനെക്കുറിച്ചും പറയുന്നു. ഇതിന്റെ രണ്ടിന്റെയും സൂചന വാങ്ങിപ്പോകുന്നവർക്ക് സജീവമായതും ഉത്തരവാദിത്വത്തോടെയുള്ളതുമായ ഒരു സ്ഥിതി വിശേഷം ഉണ്ടെന്നുള്ളതുമാണല്ലോ.

12. ലൂക്കോ 23:43-ൽ, അനുതപിച്ച കള്ളനോട് കർത്താവ് പറയുന്നു: "നീ ഇന്ന് എന്നോടുകൂടി പറുദീസായിൽ ഇരിക്കും" എന്ന്. കർത്താവിനോടുകൂടിയുള്ള സജീവമായ ഒരു അവസ്ഥയിലേക്കുള്ള വാഗ്ദാനം ആയിരുന്നു ഇത് എന്നു വ്യക്തമാണ്.

13. മറുരൂപമലയിൽ വച്ച് മോശയും ഏലിയാവും കർത്താവിനോടു സംഭാഷിച്ചതായി പറയുന്നു (മത്താ. 17:3). വാങ്ങിപ്പോയ മോശയും ഏലിയാവും കർത്താവിന്റെ മനുഷ്യാവതാര ദൗത്യവുമായി എത്രമാത്രം ബന്ധപ്പെട്ടിരുന്നു എന്നും അവർക്ക് അങ്ങനെയുള്ള കാര്യങ്ങളിൽ ബന്ധപ്പെടാൻ സാധിക്കുന്ന ഒരവസ്ഥയുണ്ടായിരുന്നു എന്നും ഇതു സ്പഷ്ടമാക്കുന്നു.

14. "മരിച്ചവരും മൗനതയിലിരിക്കുന്നവരും യഹോവയെ സ്തുതിക്കുന്നില്ല" എന്ന് സങ്കീർത്തനം 115:17ൽ പറയുന്നു. വാങ്ങിപ്പോയവരുടെ സ്ഥിതി മൗനതയാണെന്ന് ഇതു സൂചിപ്പിക്കുന്നുവെന്ന് ചിലർ വാദിച്ചേക്കാം. എന്നാൽ ഇതു വാങ്ങിപ്പോകുന്നവരുടെ സ്ഥിതിയെക്കുറിച്ചല്ല ജാതികളും വിഗ്രഹാരാധികളും ജീവിച്ചിരിക്കുമ്പോൾ തന്നെ മരിച്ചിരിക്കുന്നുവെന്നുള്ള ഒരു സൂചനയാണെന്നും പ്രസ്തുത സങ്കീർത്തനം മുഴുവൻ വായിച്ചാൽ മനസ്സിലാകും. അടുത്തവാക്യം കൂടുതൽ ശ്രദ്ധേയമാണ്: "നാമോ ഇന്നുമുതൽ എന്നേക്കും യഹോവയെ വാഴ്ത്തും" (സങ്കീ. 115:18) എന്നുപറയുന്നു. ജാതികളുമായി സങ്കീർത്തനക്കാരൻ തന്നോടുകൂടെയുള്ളവരെ താരതമ്യപ്പെടുത്തിക്കൊണ്ട് അവർ എല്ലായ്പ്പോഴും (വാങ്ങിപ്പോയാലും) ദൈവത്തെ സ്തുതിക്കും എന്ന സൂചനയാണ് നൽകുന്നത്.

മേല്പറഞ്ഞ സംഗതികളുടെ അടിസ്ഥാനത്തിൽ ന്യായമായി ഊഹിക്കാവുന്നത്, വാങ്ങിപ്പോകുന്ന വിശ്വാസികൾ സഭയിൽ തന്നെ സജീവമായ ഒരു അവസ്ഥയിലാണെന്നുമാണ്. അങ്ങനെയെങ്കിൽ വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും വാങ്ങിപ്പോയ വിശുദ്ധന്മാരുടെ പ്രാർത്ഥനയിൽ അഭയം പ്രാപിക്കുവാനും എന്തു ന്യായമാണുള്ളത് എന്ന് ചിന്തിക്കാം.

വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും

1. വാങ്ങിപ്പോയവർ സഭയിൽതന്നെ, സഭയുടെ അംഗങ്ങളായി തുടരുന്നു എന്നു നാം കണ്ടുകഴിഞ്ഞു. സഭയുടെ അംഗങ്ങളുടെ പ്രധാന ഉത്തരവാദിത്തം പരസ്പരം പ്രാർത്ഥിക്കുകയാണ് എന്ന് വേദപുസ്തകം പറയുന്നു. പൗലോസിന്റെ ലേഖനങ്ങളിൽ ഇതിനു ധാരാളം തെളിവുകൾ ഉണ്ട്. അപ്പോൾ സഭാംഗങ്ങൾ എന്നനിലയിൽ വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ന്യായയുക്തമല്ലേ?.

2. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കണം എന്ന് കർത്താവ് പുതിയ നിയമത്തിൽ പറയുന്നില്ല എന്ന് ചിലർ വാദിച്ചേക്കാം. പുതിയനിയമത്തിൽ ഒരു കല്പനയായിട്ട് നൽകുന്നില്ല എന്നത് മാത്രം അതിനെ നിഷേധിക്കുവാൻ മതിയായ കാരണമല്ല. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കരുത് എന്ന് നേരെ മറിച്ച് ഒരു കല്പന, പുതിയനിയമം നൽകാത്തിടത്തോളം വിശദമായ പഠനം നടത്തി വേദപുസ്തകപരമായ അടിസ്ഥാനം നിർണ്ണയിക്കേണ്ടതാണ്.

3. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതുമൂലം അവർക്ക് എന്ത് പ്രയോജനമാണ് ഉണ്ടാകുന്നതെന്ന് ചോദിച്ചേക്കാം. വിശ്വാസികൾ എല്ലാവരും പുനരുത്ഥാനത്തിന്റെ നാളുവരെയും വളർച്ചയുടെയും ശുദ്ധീകരണത്തിന്റെയും അവസ്ഥയിലാണ്. (ഫിലി. 1:4; 1 കൊരി. 1:8; 1 തെസ്സ. 5:23) അപ്പോൾ പരസ്പരം പ്രാർത്ഥിക്കുന്നതുമൂലം ഈ വളർച്ചയെയും ശുദ്ധീകരണത്തെയും അത് സഹായിക്കും. കൂടാതെ, മരിച്ചവരോട് സുവിശേഷം അറിയിച്ചതുതന്നെ അവർക്ക് ആ അവസ്ഥയിൽ സ്വയം തിരുത്തുവാനും കൃപ ലഭിക്കുവാനും യോഗ്യതയും സാദ്ധ്യതയും ഉള്ളതുകൊണ്ടാണല്ലോ. അപ്പോൾ അതേ ലക്ഷ്യം വച്ചുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും ന്യായയുക്തമാണല്ലോ.

4. കർത്താവിന്റെ കാലത്തും, അതിനുമുമ്പും യഹൂദന്മാരുടെ ഇടയിൽ ഭാഗ്യസ്മരണാർഹരായ വാങ്ങിപ്പോയവരെ ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നതായി തെളിവുണ്ട്. രൂത്ത് 2:20-ൽ 'യഹോവ ജീവനുള്ളവരോടും മരിച്ചവരോടും ദയവുള്ളവനാണ്' എന്നു പറയുന്നു. 1 ശമുവേൽ 28-ൽ വാങ്ങിപ്പോയ ശമുവേലിന്റെ പ്രത്യേകം സഹായം ശൗൽ തേടുന്നു. പ്രത്യേകിച്ച് 19-ാം വാക്യത്തിൽ "നാളെ നീയും നിന്റെ പുത്രന്മാരും എന്നോടുകൂടെ ആകും" എന്ന് പറയുന്നതിൽ നിന്ന് മരണാനന്തര അവസ്ഥയിലേക്കുള്ള ഒരു സൂചന ലഭിക്കുന്നു. ആവർത്തനം 26:14 ഈ സംഗതിയിലേക്ക് വെളിച്ചം വീശുന്നതാണ്. അതിന്റെ വളർച്ചയാണ്, ആളുകൾ മരിക്കുമ്പോൾ നടത്തിയിരുന്ന ദുഃഖാചരണവും അനുസ്മരണയും. മോശ മരിച്ചപ്പോഴും (ആവ. 34:8) അഹറോൻ മരിച്ചപ്പോഴും (സംഖ്യ 20:29) നടത്തിയത് ഇതിനുമുമ്പിലുള്ള ഉദാഹരണമാണ്. യഹൂദ മഹാപുരോഹിതന്മാർ മാർവ്വിടത്തിൽ അണിഞ്ഞിരുന്ന പതക്കം ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളെയും ഗോത്രപിതാക്കന്മാരെയും ദൈവസന്നിധിയിൽ അനുസ്മരിക്കുന്നതിന്റെ സൂചനയും ആയിരുന്നു (പുറപ്പാട് 28:21). അപ്പോക്രീഫാ പുസ്തകമായ മക്കാബിയരുടെ പുസ്തകത്തിൽ വാങ്ങിപ്പോയവരെ അനുസ്മരിച്ച് ദൈവസന്നിധിയിൽ പ്രാർത്ഥന നടത്തിയതിന് വ്യക്തമായ തെളിവുണ്ട് (2 മക്കാബിയർ 12:45; 5:15).

5. എഫേ. 6:18-ലും 1 തിമോത്തി 2:1-ലും സകല മനുഷ്യർക്കും വിശുദ്ധന്മാർക്കും വേണ്ടി പ്രാർത്ഥിക്കേണ്ടയാവശ്യകത പൗലോസ് സൂചിപ്പിക്കുന്നു. ഈ സകലരിലും നിന്ന് വാങ്ങിപ്പോയവരെ ഒഴിവാക്കിയെന്ന് പറയാമോ?

6. 2 തിമോത്തി 1:6-18, ഒനെസിഫോറസിന്റെ പേരിലുള്ള ഒരു അനുസ്മരണയാണ്. ഒനേസിഫോറസ് വാങ്ങിപ്പോയപ്പോൾ വി. പൗലൂസ് അവന്റെ കുടുംബത്തിനു നൽകുന്ന ആശ്വാസവചനവും അവനുവേണ്ടിയുള്ള ഒരു പ്രാർത്ഥനാവചനവുമായിട്ടാണ് ഇതിനെ മനസ്സിലാക്കേണ്ടത്. "ആ ദിവസത്തിൽ കർത്താവിന്റെ പക്കൽ കരുണ കണ്ടെത്തുവാൻ കർത്താവ് അവനു സംഗതി വരുത്തട്ടെ" എന്നത്, വാങ്ങിപ്പോയവന് അവസാനദിവസം കരുണ ലഭിക്കുവാനുള്ള ഒരു പ്രാർത്ഥനയാണ്.

7. ആദിമ നൂറ്റാണ്ടുകളിൽ വാങ്ങിപ്പോയ ക്രിസ്ത്യാനികളുടെ ഭൗതികാവശിഷ്ടങ്ങൾ അടങ്ങിയിരുന്ന സ്ഥലങ്ങളിൽ നിന്ന് കണ്ടുകിട്ടിയിരിക്കുന്ന തെളിവുകൾ വാങ്ങിപ്പോയവർക്കുവേണ്ടി ആദിമസഭയും പ്രാർത്ഥന നടത്തിയിരുന്നു എന്നുവ്യക്തമാക്കുന്നവയാണ്. പ്രത്യേകിച്ച് ശവകുടീരങ്ങളിൽ എഴുതിയിരിക്കുന്ന മേലെഴുത്തുകൾ പലതും വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ആയിരുന്നു.

8. വാങ്ങിപ്പോയവർക്കുവേണ്ടി സ്നാനം സ്വീകരിച്ചിരുന്നതിനെ സംബന്ധിച്ച് നാം കാണുന്ന തെളിവും (1 കൊരി. 15:20) മേല്പറഞ്ഞതിനെ സാധൂകരിക്കുന്നതാണ്.

9. ആദ്യകാലഘട്ടത്തിൽ, സഭയ്ക്ക് സുധീരനേതൃത്വം കൊടുത്ത പല സഭാനേതാക്കന്മാരും മരിച്ചപ്പോൾ (വാങ്ങിപ്പോയപ്പോൾ) അവരെക്കുറിച്ച് നടത്തിയ ചരമപ്രസംഗങ്ങൾ (Funeral orations) പലതും നമുക്ക് ഇന്നു ലഭിച്ചിട്ടുണ്ട്. അവയുടെ സൂചനയും വാങ്ങിപ്പോയവർക്കുവേണ്ടി സഭയിൽ പ്രാർത്ഥന നടത്തിയിരുന്നു എന്നത് തന്നെയാണ്.

വാങ്ങിപ്പോയ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നതിനെക്കുറിച്ച്

1. വാങ്ങിപ്പോയ വിശ്വാസികൾ സജീവാവസ്ഥയിലാണെന്നും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ന്യായയുക്തമാണെന്നും ചിന്തിക്കുന്നുവെങ്കിൽ, വാങ്ങിപ്പോയവർ ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കും എന്നുള്ളത് സ്വാഭാവികമാണല്ലോ. അപ്പോൾ വാങ്ങിപ്പോയ വിശുദ്ധരായ ആളുകൾ കൂടുതൽ പ്രാർത്ഥിക്കുമെന്നും അവരുടെ പ്രാർത്ഥനയ്ക്ക് പ്രത്യേക പ്രാധാന്യം ഉണ്ടെന്നും ചിന്തിക്കുന്നത് ന്യായമാണല്ലോ.

2. യേശുക്രിസ്തു തന്റെ ശിഷ്യരോടു പറയുന്നു "നിങ്ങൾ എന്നെ തെരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു. നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കി വച്ചുമിരിക്കുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്ക് തരുവാനായിട്ടുതന്നെ" (യോഹ. 15:16). പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരായ ശിഷ്യന്മാർ അപേക്ഷിക്കുന്നത് ലഭിക്കും എന്ന് കർത്താവ് പറയുന്നതിൽ നിന്ന് അവരുടെ പ്രാർത്ഥനയുടെ പ്രത്യേക പ്രാധാന്യം വ്യക്തമാണല്ലോ (യോഹ. 14:13 കാണുക). ക്രിസ്തുവിനോടു അടുത്ത് ജീവിച്ച എല്ലാവർക്കും പ്രത്യേകിച്ച് അപ്പോസ്തോലിക പിൻതുടർച്ച ഉണ്ടായിരുന്നവർക്കും ഇതേ പ്രാധാന്യം ഉണ്ടെന്ന് വിശ്വസിക്കുന്നത് തെറ്റാണോ?

3. യേശുക്രിസ്തു മാത്രമേ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥനായിട്ടുള്ളു (1 തിമോത്തി. 2:5) എന്നത് നിസ്തർക്കമായ വസ്തുതയാണ്. എന്നാൽ ഈ യേശുക്രിസ്തുവും മനുഷ്യരുമായുള്ള ബന്ധത്തിൽ അപ്പോസ്തോലന്മാരും വിശുദ്ധന്മാരും മദ്ധ്യസ്ഥരാകുന്നത് ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയ്ക്ക് ഒരു കളങ്കവും വരുത്തുന്നില്ല. അത് വേദവിപരീതമാണെങ്കിൽ ജീവിച്ചിരിക്കുന്നവർ പരസ്പരം പ്രാർത്ഥിക്കുന്നതും വേദവിപരീതമാണ്. കാരണം, ഇവിടെയും 'മദ്ധ്യസ്ഥത' ഉണ്ടാകുന്നുണ്ടല്ലോ.

4. ഏറ്റവും വിശുദ്ധന്മാരായി ജീവിക്കുന്നവരെയും അങ്ങനെ വാങ്ങിപ്പോയവരെയും ബഹുമാനിക്കുന്ന പതിവ് ആദിമസഭയിൽ ഉണ്ടായിരുന്നു. ഇതിന്റെ പ്രാഥമിക തെളിവ് എബ്രായർ 13:7 ൽ കാണാം.

"നിങ്ങളോട് ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവീൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പീൻ."

"യഹോവയുടെ കണ്ണ് നീതിമാന്മാരുടെമേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു" (സങ്കീ. 34:15). "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോബ് 5:16). ❑

മലങ്കര നസ്രാണികളുടെ ജാത്യാചാരങ്ങളും ആത്മീയതയും

ജോർജ് ജോസ് (ജിജി റോം)

(SDOF യൂറോപ്പ് സോൺ, സെക്രട്ടറി)

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗരോഹണ ശേഷം അപ്പോസ്തോലന്മാർ ഒരുമിച്ചു കൂടി ഇരിക്കുകയും പെന്തിക്കോസ്തി നാളിൽ പരിശുദ്ധ റൂഹയെ ലഭിക്കുകയും ചെയ്തശേഷം ഇസ്രായേൽ ഗോത്രത്തിലെ കാണാതെ പോയ ആടുകളെ അന്വേഷിച്ചു കണ്ടെത്താൻ ആയി പുറപ്പെട്ടുപോയി. യെഹൂദന്മാർ ചിതറി പാർത്തിരുന്ന പഴയ അതി വിശാലമായ റോമാ സാമ്രാജ്യത്തിനകത്തു അവർ സുവിശേഷം അറിയിച്ചപ്പോൾ 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' എന്ന് പ്രഖ്യാപിച്ച അതി ധൈര്യശാലിയായ മാർത്തോമ്മ സ്ലീഹാ റോമാ സാമ്രാജ്യത്തിനു വെളിയിൽ വിദൂര പൌരസ്ത്യ ദേശങ്ങളിലേക്ക് നമ്മുടെ കർത്താവിന്റെ രക്ഷണ്യ സുവിശേഷവുമായി കടന്നു വന്നു. അങ്ങനെ ഇന്ത്യൻ ഉപ ഭൂഘണ്ടത്തിന്റെ തെക്കേ അറ്റം സഹ്യ സാനുവിന് പടിഞ്ഞാറു വരെ ആ രക്ഷാ സുവിശേഷം അറിയിക്കപ്പെട്ടു. ഇന്ന് ഭൂമിശാസ്ത്ര പരമായി കേരളം എന്ന് വിവക്ഷിക്കപ്പെടുന്ന ആ ഭൂ ഭാഗത്ത് രക്ഷകനെ സ്വീകരിച്ചആദ്യ സമൂഹം യഹൂദനോടൊപ്പം ബുദ്ധ-ജൈന വിഭാഗങ്ങളും മണ്ണിന്റെ മക്കളായ ആദി ദ്രാവിടരും ആണ്. കാലാന്തരത്തിൽ ഈ സമൂഹം വികാസം പ്രാപിച്ചു. മലങ്കര നസ്രാണി എന്ന് ഇവർ വിളിക്കപ്പെട്ടുവന്നു.

റോമാ സാമ്രാജ്യത്തിനു വെളിയിൽ വിദൂരത്തിൽ ഉള്ള ഒരു സമൂഹമായ തിനാൽ റോമാ സാമ്രാജ്യത്തിനകത്ത് ഉരുത്തിരിഞ്ഞ ക്രൈസ്തവ വിഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായതും തനതായതുമായ ആചാരാനുഷ്ഠാനങ്ങൾ മലങ്കര നസ്രാണിക്ക് പ്രാദേശിക മായും സംസ്കാര പരമായും ഉണ്ടായിരുന്നു. ഇവയെ നസ്രാണി ജാത്യാചാരങ്ങൾ എന്ന് അറിയപ്പെടുന്നു. ഇവ ഇവിടുത്തെ സംസ്കാരത്തിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നിട്ടുള്ളതും ഇതര ജാതികളുടെ ആചാരങ്ങളുമായി സാമ്യമുള്ളതും ആയിരുന്നു. എന്നാൽ അവക്കെല്ലാം ഒരു ക്രൈസ്തവ വീക്ഷണവും ക്രൈസ്തവ ആത്മീയ തലവും ഉണ്ടായിരുന്നു.

ജാതി വ്യവസ്ഥിതിയിൽ ഒരു സമുദായം ആയി നിലനിന്നിരുന്ന കാലത്ത് ഈ നസ്രാണി ജാത്യാചാരങ്ങൾ എല്ലാം തന്നെ അവരുടെ ആത്മീയ ജീവിതത്തിൽ വലിയ സ്ഥാനവും പങ്കും വഹിച്ചു.19 ആം നൂറ്റാണ്ടിൽ വരെ ആ നിലയിൽ തന്നെയാണ് കേരളത്തിൽ ക്രൈസ്തവ വിഭാഗം പ്രത്യേകിച്ച് മലങ്കര നസ്രാണി നിലനിന്നത് എന്ന് പൊതുവായി പറയാം. ഇരുപതാം നൂറ്റാണ്ടിൽ ആണ് സമുദായം അസ്തമിക്കുകയും സഭ എന്ന പ്രയോഗം സാർവ്വത്രികമാവുകയും ചെയ്തത്. 15-ാം നൂറ്റാണ്ടിന് ശേഷം ഉണ്ടായതായ പാശ്ചാത്യ ക്രൈസ്തവ വിഭാഗങ്ങളുമായുള്ള ബന്ധവും അവയുടെ അധിനിവേശവും കോളനി വൽക്കരണവും ഒക്കെ അതിന് കാരണമായി. സമുദായ സ്വത്ത് സഭാ സ്വത്ത് ആയതും സമുദായ സെക്രട്ടറി സഭാ സെക്രട്ടറി ആയതും സമുദായ കേസ് സഭാ കേസ് ആയതും ആധുനിക കാലഘട്ടത്തിൽ ആണല്ലോ. മാറ്റത്തിന്റെ ഒഴുക്കിൽ പേരുകൾക്ക് പോലും മാറ്റം ഉണ്ടായെങ്കിൽ ജീവിതരീതിക്കും മാറ്റം ഉണ്ടാകുമല്ലോ.

ജാതിവ്യവസ്ഥയിലെ സമുദായത്തിൽ ആചാരാനുഷ്ഠാനാധിഷ്ഠിതമായ ആത്മീയ ആണ് നിലനിന്നിരുന്നത്. അതിൻ പ്രകാരം അനുദിനജീവിതത്തിലെ ഓരോ കാര്യങ്ങളിലും ആത്മീയ അംശം കലർന്നിരുന്നു. അതുകൊണ്ട് ആത്മീയത ഒഴിവാക്കി ഉള്ള ഒരു ജീവിതം അസാധ്യമായിരുന്നു. അതായത് ആത്മീയ ജീവിതവും ഭൗതിക ജീവിതവും രണ്ടല്ല, രണ്ടും ഒന്നിച്ചു ചേർന്ന് ആത്മീയതയിൽ ലയിച്ച ഒരു ഭൗതിക ജീവിതം ആയിരുന്നു ഉണ്ടായിരുന്നത്.

ഒരു പക്ഷെ മലങ്കര സഭയിൽ ആശ്രമപ്രസ്ഥാനങ്ങൾ ഇല്ലാതിരുന്നതിന്റെ കാരണവും അതുതന്നെയാവാം. ഭൗതിക ജീവിതത്തിൽ നിന്ന് വേർപെട്ട ഒരു ആത്മീയ ജീവിതമൊ ആത്മീയതയിൽ നിന്ന് വേർപെട്ട ഒരു ഭൗതിക ജീവിതമൊ അന്ന് സങ്കല്പത്തിൽ പോലും ഇല്ലായിരുന്നു. ആയുസ് മുഴുവൻ ആശ്രമ ജീവിതമായി വിവക്ഷിച്ചിരുന്നതിനാൽ കുടുംബജീവിതം തന്നെ ഒരു ആശ്രമം ആയി കരുതിയിരുന്നു. അതിനെ ഗ്രഹസ്താശ്രമം എന്ന് വിളിച്ചിരുന്നു.

പാശ്ചാത്യ ചിന്താഗതിയിൽ ഭൗതിക ജീവിതവും ആത്മീയ ജീവിതവും തികച്ചും വ്യത്യേസ്തമായ രണ്ട് പാഥേയങ്ങൾ ആയി കണ്ടിരുന്നു. അതിനാൽ തന്നെ അവർക്ക് ആത്മീയ ജീവിതം നയിക്കാൻ ആശ്രമപ്രസ്ഥാനങ്ങൾ സ്ഥാപിതമായി. എന്നാൽ ഇവിടെ അത് ആവശ്യം ഇല്ലായിരുന്നു കാരണം ആത്മീയതയിൽ ചുവടുറപ്പിച്ച ഒരു ജീവിത ശൈലി ജാത്യാചാര അനുഷ്ഠാനങ്ങളിലൂടെ പുലർത്തിയിരുന്നു.



സമുദായം ഭൗതിക കാര്യങ്ങളിൽ അധിഷ്ഠിതം ആണെന്നും ആത്മീയതയുടെ പൂർണ്ണത സഭ ആണെന്നും പഠിപ്പിക്കുന്ന ഇന്ന് ആത്മീയത നഷ്ടപ്പെടുന്ന തലമുറയെ ആണ് കാണുന്നത് എന്നത് പച്ചയായ സത്യം മാത്രം ആണ്. മലങ്കര നസ്രാണി സമുദായത്തിൽ നിലനിന്നിരുന്ന ഭക്തി അല്ലെങ്കിൽ ആത്മീയത മലങ്കര സഭയിൽ ഉണ്ടോ എന്ന് ആത്മാർഥമായ ഒരു പരിശോധന ആവശ്യം ആണ്.

എല്ലാത്തിലും ഒരു അംശം ദൈവത്തിനുള്ളത് എന്നൊരു നിലപാട് അഥവാ അലിഖിത നിയമം സമുദായത്തിൽ നിലനിന്നിരുന്നു, പാലിച്ചിരുന്നു. ചോറ് വെക്കാൻ അരി അളന്നെടുക്കുമ്പോൾ ഒരു പിടി മാറ്റി വെക്കുന്നു, അത് പിടിയരി എന്ന പേരിൽ ദൈവാലയത്തിൽ സമർപ്പിക്കുന്നു. അനുദിനഭക്ഷണ ക്രമീകരണത്തിൽ തുടങ്ങുന്നു നസ്രാണിക്ക് ദൈവീക ചിന്ത അഥവാ ആത്മീയത. കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട് ജീവിതം നയിക്കുമ്പോൾ ആദ്യം ഉണ്ടാകുന്നതെല്ലാം കടിഞ്ഞൂലുകൾ എല്ലാം ദൈവ സമർപ്പണത്തിനുള്ളതായി മാറ്റി വെക്കുന്നു. അതെല്ലാം അവന്റെ ദൈവാശ്രയ ബോധത്തിന്റെ - ആത്മീയതയുടെ - ബഹിർസ്ഫുരണം ആണ്. നിഷ്കളങ്ക ദൈവ സ്നേഹത്തിൽ നിന്നും ഭക്തിയിൽ നിന്നും ഉടലെടുക്കുന്ന ഒരു ആത്മബോധത്തിന്റെ പ്രചോദനം കൂടിയാണത്. ഒരു ആശ്രമവാസിയായ വ്യെക്തിക്ക് ഉണ്ടാകുന്നതിനേക്കാൾ അധികമായ ദൈവ സാന്നിധ്യ - സംരക്ഷണ ബോധം ഇത്തരത്തിൽ ഭൗതിക ജീവിതം നയിക്കുന്ന വ്യെക്തിക്ക് ഉണ്ടാകുന്നു എന്ന് നിസ്സംശയം പറയാം.

വസ്ത്രങ്ങളുടെ കാര്യം എടുത്താലും അത് തന്നെ. പള്ളിയിൽ പോകാൻ മാത്രം മാറ്റി വയ്ക്കുന്ന വസ്ത്രം. പ്രാർഥിക്കാൻ ഇരിക്കാൻ മാത്രം ഉപയോഗിക്കുന്ന പായ. വെള്ളയും കരിമ്പടവും തുടങ്ങി സന്ധ്യാ ദീപം തെളിയിക്കുന്നത് വരെ അവന്റെ ആത്മീയതയുടെ കളങ്കരഹിതമായ പ്രകടനം ആണ്.

എന്നാൽ പാശ്ചാത്യ സഭാ ശാത്രകടന്ന് കയറ്റത്തോടുകൂടി ആത്മീയതയിൽ അധിഷ്ഠിത മായ ഭൗതിക ജീവിതത്തിനു മങ്ങലേറ്റു. രണ്ടും വ്യത്യേസ്തമായ വഴികൾ ആണെന്നും ഒന്ന് തിരഞ്ഞെടുത്താൽ മറ്റൊന്ന് നഷ്ടപ്പെടും എന്നൊരു മിഥ്യാ ധാരണ നമ്മിൽ ഉടലെടുത്തു. അനുദിനജീവിതത്തിൽ ദൈവ ബോധം ഉളവാക്കുന്ന അനുഷ്ഠാനങ്ങൾ നിന്ന് പോവുകയും, ആത്മീയത ആരാധനകളുമായി മാത്രം ബന്ധപ്പെട്ട് നിൽക്കുന്നതാണ് എന്നൊരു ബോധ്യം പ്രബലപ്പെടുകയും ചെയ്തു.

ആത്മീയത നഷ്ടപ്പെട്ട സമൂഹമായി മാറുന്നു ഇന്നത്തെ തലമുറ എന്ന് പറയേണ്ടി വരുന്നു എങ്കിൽ അതിനുള്ള കാരണം മുകളിൽ പറഞ്ഞതാണ് എന്ന് ഞാൻ കരുതുന്നു. ദൈനംദിന ജീവിത ചര്യയിൽ നിന്ന് ആത്മീയ അംശം മാറ്റി നിർത്തിയപ്പോൾ അത് സ്വാഭാവികമായും സംഭവിച്ചു പോയതാകാം. പാശ്ചാത്യ ക്രൈസ്തവ സമൂഹങ്ങൾക്ക് സംഭവിച്ച പരാജയം ഇത് തന്നെയാണ്. ആ ഒരു അവസ്ഥയിലേക്ക് പൗരസ്ത്യ സഭയും നടന്നടുക്കുകയാണോ എന്ന് തോന്നിപ്പോകുന്നു.

ഇതൊരു അപകടസൂചനയാണ്. മലങ്കര നസ്രാണി സമുദായത്തിൽ നിലനിന്നിരുന്ന ആത്മീയതയിൽ അധിഷ്ഠിതമായ ഭൗതിക ജീവിതം പുനഃസ്ഥാപിക്കേണ്ടിയിരിക്കുന്നു. രണ്ടും പരസ്പരപൂരകങ്ങളായി നിലനിൽക്കുമ്പോൾ ആണ് നല്ല ഒരു ക്രൈസ്തവ ജീവിതം നയിക്കാൻ സാധിക്കുന്നത്. അതിന് ഭാവി തലമുറക്ക് സാധ്യമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

❑

ആത്മീയ അന്ധതയിൽ നിന്ന് ദൈവിക തിരിച്ചറിവിലേക്കുള്ള യാത്ര

വർഗീസ് പൗലോസ് മൂലംകുഴിയിൽ

(വൈസ് പ്രസിഡണ്ട്, സോഹാർ സെന്റ് ജോർജ് എസ്.ഡി.ഒ.എഫ്. യൂണിറ്റ്)

‘വിശ്വാസം, സാക്ഷ്യം, പ്രബോധനം” എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് സഭയുടെ ആത്മീയ പരിചരണത്തിന്റെ ഒരു പുതിയതും ജീവന്തവുമായ ശാഖയാണ്. അംഗങ്ങളുടെ ആത്മീയ വളർച്ച, കൂട്ടായ്മ, വിശ്വാസജീവിതം എന്നിവയെ ലക്ഷ്യമാക്കി രൂപീകരിച്ചിരിക്കുന്ന ഈ ഫെലോഷിപ്പ്, ജീവിതത്തിന്റെ മദ്ധ്യഘട്ടത്തിൽ എത്തുന്ന വിശ്വാസികൾക്ക് ദൈവത്തോടുള്ള ബന്ധം കൂടുതൽ ആഴപ്പെടുത്താനുള്ള ഒരു ആത്മീയ വേദിയാണ്.

ജീവിതത്തിന്റെ വിവിധ ഉത്തരവാദിത്വങ്ങൾകുടുംബം, ജോലി, ആരോഗ്യം, സാമൂഹിക ബാധ്യതകൾഎല്ലാം സമന്വയിപ്പിച്ചുകൊണ്ട് ആത്മീയ വളർച്ച നിലനിർത്തുക എന്നതാണ് ഇതിന്റെ പ്രധാന ദൗത്യം. ഈ യാത്രയിൽ വിശ്വാസം വെറും ഒരു ആചാരമല്ല; അത് ജീവിതത്തിന്റെ ഓരോ നിമിഷത്തിലും ദൈവത്തെ അനുഭവിക്കുന്ന ഒരു ജീവിതരീതിയാണ്. ദൈനംദിന ആത്മീയ ജീവിതത്തിന്റെ അർത്ഥം SDOF ന്റെ ശക്തി അതിന്റെ കൂട്ടായ്മകളിലും പ്രാർത്ഥനകളിലും മാത്രമല്ല, അംഗങ്ങളുടെ ദൈനംദിന ജീവിതത്തിൽ ഉണ്ടാകുന്ന മാറ്റത്തിലാണ്.

ആത്മീയത എന്നത് ഞായറാഴ്ചകളിൽ മാത്രം അനുഭവിക്കുന്ന ഒന്നല്ല; അത് ഓരോ ദിവസത്തെയും ജീവിതത്തിന്റെ ഭാഗമാകണം. ഒരു SDOF അംഗത്തിന് ദൈനംദിന ആത്മീയ ജീവിതം എന്നത്: ഓരോ പ്രഭാതവും ദൈവസാന്നിധ്യം ബോധ്യത്തോടെ ആരംഭിക്കൽ കുടുംബത്തിലും ജോലിയിലും ക്രിസ്തുവിന്റെ സാന്നിധ്യം കൊണ്ടുവരൽ ക്ഷമയും സ്നേഹവും പ്രായോഗികമായി ജീവിക്കൽ ആശങ്കകൾക്കുപകരം പ്രാർത്ഥന തിരഞ്ഞെടുക്കൽ എല്ലാ ഉത്തരവാദിത്വങ്ങളെയും ദൈവദാനമായി കാണൽ ഇങ്ങനെ വിശ്വാസം ജീവിതത്തിന്റെ എല്ലാ മേഖലയിലേക്കും വ്യാപിക്കുന്നു.

ആത്മീയ അന്ധതയുടെ വെല്ലുവിളി ഇന്നത്തെ ആത്മീയ ജീവിതത്തിലെ ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ് “ആത്മീയ അന്ധത”ദൈവം സമീപത്തുണ്ടായിട്ടും അവനെ തിരിച്ചറിയാനാകാത്ത അവസ്ഥ. യോഹന്നാന്റെ സുവിശേഷം 20-ാം അധ്യായത്തിൽ ഇത് മനോഹരമായി കാണാം. മറിയം മഗ്ദലന ദുഃഖത്തോടെ ശവകുടീരത്തിനരികിൽ നിൽക്കുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തു അവളുടെ മുന്നിൽ തന്നെ ഉണ്ടായിട്ടും അവൾ അവനെ തിരിച്ചറിയുന്നില്ല. കണ്ണീരും ദുഃഖവും അവളുടെ ആത്മീയ കാഴ്ച മറയ്ക്കുന്നു. അവൾ അവനെ തോട്ടക്കാരനെന്ന് കരുതുന്നു. പക്ഷേ, യേശു അവളുടെ പേരിൽ വിളിക്കുന്നു: “മറിയമേ.” ആ ഒരു നിമിഷത്തിൽ എല്ലാം മാറുന്നു. അവളുടെ ഉള്ളിലെ മൂടൽ നീങ്ങി, അവൾ യേശുവിനെ തിരിച്ചറിയുന്നു. വ്യക്തിപരമായ വിളി ആത്മീയ അന്ധതയെ ഇല്ലാതാക്കുന്നു. ഇന്നത്തെ ലോകത്തിലെ നമ്മുടെ അവസ്ഥ മറിയത്തിന്റെ അനുഭവം ഒരു ചരിത്രസംഭവം മാത്രമല്ല; അത് നമ്മുടെ ഇന്നത്തെ ജീവിതത്തിന്റെ പ്രതിഫലനമാണ്. പലപ്പോഴും നാം ദൈവത്തെ അറിയുന്നവരായിട്ടും അവനെ തിരിച്ചറിയാതെ പോകുന്നു. ഇന്നത്തെ ആത്മീയ അന്ധത പ്രകടമാകുന്നത് ഇങ്ങനെ: ദൈവപരിപാലനത്തിനു പകരം പ്രശ്നങ്ങൾ മാത്രം കാണുക. കൃപയെ തിരിച്ചറിയാതെ സമ്മർദ്ദം മാത്രം അനുഭവിക്കുക. ദൈവത്തിന്റെ ശബ്ദം കേൾക്കാതെ ജീവിതത്തിന്റെ ശബ്ദത്തിൽ മുങ്ങിപ്പോകുക.

ക്രിസ്തുവിനെ അറിയുക, പക്ഷേ അവനെ അനുഭവിക്കാതെ ജീവിക്കുക SDOF ന്റെ ആത്മീയ ദൗത്യം ഈ സാഹചര്യത്തിലാണ് ഏറെ പ്രസക്തമാകുന്നത്.

പ്രാർത്ഥന, വചനധ്യാനം, കൂട്ടായ്മ, ആത്മീയ പങ്കുവെയ്പ് എന്നിവയിലൂടെ അംഗങ്ങളെ ദൈവത്തിന്റെ ശബ്ദം വീണ്ടും കേൾക്കാൻ സഹായിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

SDOF സഹായിക്കുന്നത്: ദൈവത്തിന്റെ ശബ്ദം ദൈനംദിന ജീവിതത്തിൽ തിരിച്ചറിയാൻ വചനം ജീവിക്കുന്ന സത്യമായി അനുഭവിക്കാൻ കൂട്ടായ്മയിൽ ആത്മീയ ശക്തി കണ്ടെത്താൻ ക്രിസ്തുവിനെ ജീവിതത്തിലെ സാധാരണ നിമിഷങ്ങളിൽ തിരിച്ചറിയാൻ മറിയത്തിന്റെ അന്ധത യേശുവിന്റെ വിളിയാൽ മാറിയതുപോലെ, നമ്മുടെ ആത്മീയ അന്ധതയും ക്രിസ്തുവിന്റെ ശബ്ദം കേൾക്കുമ്പോൾ മാറുന്നു. വിശ്വാസം, സാക്ഷ്യം, പ്രബോധനം ഒരു ജീവിത പാത ....“വിശ്വാസം, സാക്ഷ്യം, പ്രബോധനം” വെറും വാക്കല്ല; അത് ഒരു ആത്മീയ യാത്രയാണ്. വിശ്വാസം ദൈവത്തിൽ ഉറച്ച അടിത്തറ സാക്ഷ്യം ആ വിശ്വാസത്തിന്റെ ജീവിതത്തിലെ പ്രകടനം പ്രബോധനം ആത്മീയ ജ്ഞാനവും തിരിച്ചറിവും ഈ മൂന്നു ഘടകങ്ങൾ ചേർന്നാൽ ആത്മീയ അന്ധത മാറി ആത്മീയ വെളിച്ചം ലഭിക്കുന്നു.

യോഹന്നാൻ 20-ലെ സംഭവത്തിൽ നമ്മൾ കാണുന്നത് ഒരു സത്യം ആണ്: ക്രിസ്തുവിന്റെ വ്യക്തിപരമായ വിളിയിലാണ് ആത്മീയ തിരിച്ചറിവ് ആരംഭിക്കുന്നത്. ഇന്നത്തെ തിരക്കുള്ള ജീവിതത്തിൽ ഏറ്റവും വലിയ ആവശ്യം കൂടുതൽ അറിവല്ല; ദൈവത്തിന്റെ ശബ്ദം തിരിച്ചറിയാനുള്ള ആത്മീയ കണ്ണുകളാണ്. ടഉഛഎ അതിന്റെ അംഗങ്ങളെ ഈ തിരിച്ചറിവിലേക്കാണ് നയിക്കുന്നത് വിശ്വാസത്തിൽ നിന്ന് അനുഭവത്തിലേക്കും, ആചാരത്തിൽ നിന്ന് ജീവനിലേക്കും, അന്ധതയിൽ നിന്ന് വെളിച്ചത്തിലേക്കും. അവൻ നമ്മെ പേരുപറഞ്ഞ് വിളിക്കുമ്പോൾ, നാം മറുപടി പറയും: “റബ്ബോനി ഗുരോ, ഞാൻ നിന്നെ കണ്ടു.”

❑

ഡെപ്യൂട്ടി കളക്ടർ ആയി പ്രമോഷൻ ലഭിച്ച്, അടൂർ RDO ആയി നിയമിതനായ ടി. ബിനുരാജിന് സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ അനുമോദനങ്ങൾ. പറക്കോട് സെന്റ് പോൾസ് ആൻഡ് സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് ഇടവക അംഗമാണ്.

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് കറ്റാനം സെന്റ് സ്റ്റീഫൻസ് യൂണിറ്റിന്റെ ഉത്ഘാടനം ഇടവക വികാരി പി. ഡി. സ്കറിയ കോർഎപ്പിസ്കോപ്പാ നിർവ്വഹിച്ചു.

മസ്കറ്റ് മാർഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ക്വിസ് മത്സരത്തിൽ മസ്കറ്റ് സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. മത്സരാർത്ഥികളായ ജോർജ് മാത്യു, ഷിബു നൈനാൻ, ഷൈനി ജേക്കബ് എന്നിവർ ഫെലോഷിപ്പിന്റെ ഭാരവാഹികൾക്കൊപ്പം.

കുന്നംകുളം സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പും ദയ ആശുപത്രിയും സംയുക്തമായി നടത്തിയ പ്രാഥമിക പരിചരണ പരിശീലന ക്ലാസ് ആർത്താറ്റ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ വികാരി ഫാ. വി. എം. സാമുവേൽ ഉദ്ഘാടനം ചെയ്യുന്നു.

ഭാസുര സ്മരണ

ദോഹ: മലങ്കരസഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ 92 -ആം ഓർമ്മപെരുന്നാളിനോട് അനുബന്ധിച്ച് മലങ്കര ഓർത്തഡോക്സ് ഇടവക, ദോഹ എസ്ഡിഒഎഫ് യൂണിറ്റ് ഭാസുര സ്മരണ എന്ന പേരിൽ അനുസ്മരണ പരിപാടി സംഘടിപ്പിച്ചു.

പരിശുദ്ധ പിതാവിന്റെ ജനനം മുതൽ ഇഹലോകവാസം വെടിയുന്നത് വരെയുള്ള പ്രധാനപ്പെട്ട ചരിത്ര മുഹൂർത്തങ്ങളെ കോർത്തിണക്കിയുള്ള ഒരു ഡോക്യുമെന്ററി പ്രദർശിപ്പിക്കുകയുണ്ടായി. ഇതോടൊപ്പം ഇടവക വികാരി ഫാ. ജേക്കബ് അനീഷ് വർഗീസ്, സഹവികാരി ഫാ. സ്കറിയ തോമസ് (സിബി), ഇടവകപട്ടക്കാരൻ ഫാ. അലക്സി മാത്യുസ് എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി.

SDOF കേന്ദ്ര പ്രസിഡന്റ് ഗീവർഗീസ് മാർ ഫീലെക്സിനോസ് മെത്രാപ്പോലീത്തായുടെ അനുഗ്രഹപ്രഭാഷണവും ഒപ്പം SDOF ദോഹ യൂണിറ്റിന്റെ പ്രവർത്തനങ്ങളെ കുറിച്ചുള്ള ലഘു വിവരണം വൈസ് പ്രസിഡന്റ് സുനിൽ കോശി മാത്യൂസ് നടത്തിയതും ഡോക്യുമെന്ററിയിൽ ഉൾപ്പെടുത്തിയിരുന്നു.

ദീപ്തം

കോട്ടയം: ലോകസംഗീതദിനത്തോട് അനുബന്ധിച്ച് SDOF കോട്ടയം ഭദ്രാസനത്തിന്റെ ടൈറ്റിൽ സോങ് ജൂൺ 21 ഞായറാഴ്ച പ്രകാശനം ചെയ്യും.

Dr. Yuhanon Mar Diascoros unvieled the poster for two of the projects of newly formed SDOF unit of Auckland's St. Dionysius Indian Orthodox Church. SDIOC Vicar & SDOF unit President Fr. Joe Thomas, Georgy Mattackal (Unit Vice-President), Pratheesh Kurian (Unit Secretary), Mithun Varghese (Treasurer), Tinu John, Aivy Varghese (Committee members) and a few of the SDOF members attended.

Projects: 'Ephedha' (Meaning: Be opened, Mark 7:34)

'Fill Cans, Fill Hearts' Canned Food Collection Campaign in association with Ministry for Children, New Zealand Govt, to benefit children under their care.

ആർത്താറ്റ് സെന്റ് മേരീസ് പള്ളിയിലെ SDOF യൂണിറ്റ് ഉദ്ഘാടനം യുഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത നിർവഹിച്ചു. വികാരിയും SDOF കുന്നംകുളം ഭദ്രാസന വൈസ് പ്രസിഡന്റുമായ ഫാ. വി. എം. സാമുവേൽ, സഹ വികാരി ഫാ ജെറിൻ ജോർജ്, സെക്രട്ടറി ഷാജു പി. വി, ജോയിന്റ് സെക്രട്ടറി ശ്യാമ ജിജി എന്നിവർ സമീപം.

SDOF അടൂർ-കടമ്പനാട് ഭദ്രാസനത്തിലെ കടമ്പനാട് ഡിസ്ട്രിക്റ്റ് ഭാരവാഹികളുടെ യോഗം പുരാതന മാർത്തോമ്മൻ തീർത്ഥാടനകേന്ദ്രമായ കടമ്പനാട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ചു കൂടി. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. തോമസ് മാത്യു, സെക്രട്ടറി ഷെല്ലി ബേബി ഡിസ്ട്രിക്റ്റ് കോ-ഓർഡിനേറ്റർ ലജിത സജി, കത്തീഡ്രൽ ട്രസ്റ്റീ തോമസ് രാജു, സെക്രട്ടറി ജോൺ ജോർജ്ജ് പൊരുവത്ത്, സഭാ മാനേജിങ് കമ്മറ്റിയംഗം ഡി. കുഞ്ഞുമോൻ, ജെയിംസ് തുവയൂർ, സിന്ധു ജെയിംസ് തെങ്ങമം, സാബു പപ്പച്ചൻ എന്നിവർ പ്രസംഗിച്ചു. ഡിസ്ട്രിക്റ്റിലെ പള്ളികളിലെ യൂണിറ്റ് സെക്രട്ടറിമാരും വൈസ് പ്രസിഡന്റുമാരും പ്രതിനിധികളും സംബന്ധിച്ചു.

തൃക്കുന്നത്തു സെമിനാരി എസ്.ഡി.ഒ.എഫ്. യൂണിറ്റ് വാർഷികവും പരിസ്ഥിതി ദിനാചരണവും നടത്തി

ആലുവാ: തൃക്കുന്നത്തു സെമിനാരി ചാപ്പൽ എസ്.ഡി.ഒ.എഫ്. (SDOF) യൂണിറ്റ് രൂപീകരണത്തിന്റെ ഒന്നാം വാർഷികവും ലോക പരിസ്ഥിതി ദിനാചരണവും സംയുക്തമായി ആഘോഷിച്ചു. ജൂൺ 14-ന് നടന്ന യൂണിറ്റ് യോഗത്തിലാണ് വാർഷികാഘോഷങ്ങൾ സംഘടിപ്പിച്ചത്.

എ. വി. മാത്യൂസ് അരീക്കൽ കോറെപ്പിസ്കോപ്പ, ഫാ. ലവിൻ ജോർജ്, സെക്രട്ടറി ഡോ. ഉമ്മൻ കെ. മാത്യു, ജോയിന്റ് സെക്രട്ടറി അമ്പിളി മനോഷ്, ട്രഷറർ ബേബി എബ്രഹാം എന്നിവർ ചേർന്ന് കേക്ക് മുറിച്ച് നൽകി. ചടങ്ങിൽ യൂണിറ്റിലെ മുപ്പതോളം അംഗങ്ങൾ പങ്കെടുത്തു.

ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി 'പരിസ്ഥിതി സംരക്ഷണത്തിൽ നമ്മുടെ പങ്ക്' എന്ന വിഷയത്തിൽ ചർച്ചയും സംഘടിപ്പിച്ചു. റോഷൻ പി. ജോൺ ചർച്ചയ്ക്ക് നേതൃത്വം നൽകി. പരിസ്ഥിതി സംരക്ഷണത്തിനായി വ്യക്തികൾക്കും സമൂഹത്തിനും ചെയ്യാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് യോഗത്തിൽ പങ്കെടുത്തവർ ആശയങ്ങൾ പങ്കുവെച്ചു.

ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ. നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്രോഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

– പ. പരുമല തിരുമേനി

മദ്ധ്യസ്ഥ പ്രാർത്ഥന

"കർത്താവിന്റെ മഹിമയോടു ചേർന്നു വസിക്കുന്നവർക്കു ഒരു കുലുക്കവും ഇളക്കവും ഇല്ല, അവർക്കു നല്ല ഉറപ്പും, ധൈര്യവും ഉണ്ടായിരുന്നു. എന്തെല്ലാം ദുരിതങ്ങളും കഷ്ടതകളും ഉണ്ടായാലും അതെല്ലാം ദൈവകുഞ്ഞുങ്ങൾക്കു അനുഗ്രഹമായിട്ടെ തീരുകയുള്ളു. എന്തെന്നാൽ ദൈവപുത്രൻ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് എപ്പോഴും നമ്മെ അനുഗ്രഹിച്ചു കൊണ്ടു നിൽക്കുന്നു. അവന്റെ സഹോദരന്മാരാകുന്നു നാം. അവൻ പിതാവായ ദൈവത്തിന്റെ അടുക്കൽ എപ്പോഴും നമുക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന ചെയ്തുകൊണ്ടു നിൽക്കുന്നു."

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

നോമ്പ്

"ക്രിസ്തീയ സമൂഹത്തിന്റെ സംരക്ഷണത്തിനും ആത്മീയ വളർച്ചക്കും വേണ്ടി, അനുതാപത്തിന്റെയും പ്രാർത്ഥനയുടെയും സമയമായി, സഭ മുഴുവൻ ഒരുമിച്ചു ദൈവ മുമ്പാകെ വരുവാനുള്ള സമയമാണ് നോമ്പ്.

നോമ്പ് ദിവസങ്ങളിൽ മൽസ്യ-മാംസ വർജ്ജനം മാത്രമല്ല ഭക്ഷണവും പാനീയവും കൂടാതെ സന്ധ്യ വരെയോ, സാധ്യമല്ലെങ്കിൽ മൂന്നു മണി വരെയോ ഉപവസിക്കുക എന്നുള്ളതാണ് സഭ അനുശാസിക്കുന്നത്. അത് ജോലിക്കാരായ അൽമായാർക്ക് പലപ്പോഴും പ്രയാസമാണെന്നുള്ളത് നിസ്തർക്കം തന്നെ.

സഭയുടെ പാരമ്പര്യമനുസ്സരിച്ച് ഏറ്റവും പഴയ നോമ്പുകൾ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉള്ളതാണ്. അത് കഴിഞ്ഞാൽ പഴക്കം കൂടുതൽ ഉള്ളത് വലിയ നോമ്പിനാണ്. അപ്പോസ്തോലിക കാനോന 69 ഇങ്ങനെ പറയുന്നു:

'ഏതെങ്കിലും ഒരു എപ്പിസ്കോപ്പയോ, കശീശായോ, ശെമ്മാശ്ശനോ, കോറൂരായോ, മെസ്മെറോനോയോ ഉയിർത്തെഴുന്നേൽപ്പിന്റെ പരിശുദ്ധ 40 ദിവസത്തെ നോമ്പോ, ആഴ്ചവട്ടത്തിലെ നാലാം ദിവസമോ (ബുധനാഴ്ച) ഒരുക്ക ദിവസമോ (വെള്ളിയാഴ്ച) നോമ്പായി അനുഷ്ഠിക്കാതിരുന്നാൽ, ഏതെങ്കിലും ശരീര രോഗം മൂലമല്ലെങ്കിൽ, അയാളെ സ്ഥാനത്തു നിന്നും നീക്കണം. അല്മായക്കാരനാണെങ്കിൽ മുടക്കണം."

– ഡോ പൗലോസ് മാർ ഗ്രീഗോറിയോസ്

(എഡിറ്റോറിയൽ, പുരോഹിതൻ ത്രൈമാസിക, മെയ്-ജൂലായ്, 1988)

Send your articles and news to the following E-mail
sdofsunday@gmail.com

SDOF Sunday
St. Dionysius Orthodox Fellowship

ആശംസകളോടെ...

Prinu T Mathews

(Editorial Board Member)

SDOF Sunday
St. Dionysius Orthodox Fellowship

ആശംസകളോടെ...

BETHEL CONSTRUCTION

Proprietor: G. Thomaskutty

BETHEL CONSTRUCTION
Palliserickal P.O
Sasthamcotta, Kollam Dis
+91 9947201621
+91 9745816211
gthomaskutty12@gmail.com